# ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ചുള്ള ഗതാഗത നിയന്ത്രണം

ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് 30.12.17 മുതൽ 01.01.2018 വരെ മട്ട് ജംഗ്ഷനിൽ നിന്നും ഗുരുകുലം ജംഗ്ഷനിൽ നിന്നും ശിവഗിരിയിലേക്ക് പാസ് അനുവദിച്ചിട്ടുള്ള വാഹനങ്ങൾ മാത്രമേ കടത്തി വിടുകയുള്ളൂ. കല്ലമ്പലം ഭാഗത്ത് നിന്നും വരുന്ന തീർത്ഥാടന വാഹനങ്ങൾ നരിക്കല്ല്മുക്ക്,പാലച്ചിറ എന്നി സ്ഥലങ്ങളിൽനിന്നും വലത്തോട്ട് തിരിഞ്ഞ് വട്ടപ്ലാമൂട് ജംഗ്ഷനിൽ തീർത്ഥാടകരെ ഇറക്കിയ ശേഷം ചെറിയ വാഹനങ്ങൾ **ശിവഗിരി ഹൈസ്കൂൾ ഗ്രൗണ്ടിലും,** വലിയ വാഹനങ്ങൾ ***നഴ്സിംഗ് കോളേജ്, SN സെൻട്രൽ സ്കൂൾ, S.N കോളേജ്*** എന്നി പാർക്കിംഗ് ഗ്രൗണ്ടുകളിലും പാർക്ക് ചെയ്യേണ്ടതാണ്.

അഞ്ചുതെങ്ങ്-കടയ്ക്കാവൂർ ഭാഗത്ത് നിന്നും വരുന്ന തീർത്ഥാടകർ മരക്കടമുക്ക്, പാലച്ചിറ വഴി ഗുരുകുലം ജംഗ്ഷനിലും കൊല്ലം ഭാഗത്ത് നിന്നും പാരിപ്പള്ളി വഴിയും കാപ്പിൽ വഴിയും വരുന്ന വാഹനങ്ങൾ അയിരൂർ, നടയറ വഴി SN കോളേജ് ജംഗ്ഷനിലെത്തി തീർത്ഥാടകരെ ഇറക്കിയ ശേഷം ചെറിയ വാഹനങ്ങൾ **ശിവഗിരി ഹൈസ്കൂൾ ഗ്രൗണ്ടിലും,** വലിയ വാഹനങ്ങൾ ***നഴ്സിംഗ് കോളേജ്, SN സെൻട്രൽ സ്കൂൾ, S.N കോളേജ്*** എന്നി പാർക്കിംഗ് ഗ്രൗണ്ടുകളിലും പാർക്ക് ചെയ്യേണ്ടതാണ്.ശിവഗിരി തീർഥാടകരുമായി ഏതെങ്കിലും വിധേനെ വർക്കല മൈതാനത്ത് എത്തിച്ചേരുന്ന വാഹനങ്ങൾ ടി സ്ഥലത്ത് തീർഥാടകരെ ഇറക്കിയ ശേഷം ചെറിയ വാഹനങ്ങൾ ധന്യ **സൂപ്പർമാർക്കറ്റിന് സമീപമുള്ള ഗ്രൗണ്ടിലും, പെരുംകുളം പാർക്കിംഗ് ഏരിയയിലും** വലിയ വാഹനങ്ങൾ **വർക്കല ഹെലിപ്പാഡ് ഗ്രൗണ്ടിലും** പാർക്ക് ചെയ്യേണ്ടതാണ്.

തിരക്ക് കുറവുള്ള സമയം ചെറുവാഹനങ്ങൾ ആയുർവേദ ആശുപത്രി ജംഗ്ഷനിൽ നിന്നും വാഹനങ്ങൾ മട്ട് ജംഗ്ഷൻ കഴിഞ്ഞ് ആളുകളെ ഇറക്കിയ ശേഷം ഗുഡ്ഷെഡ് റോഡ് വഴി സ്റ്റാർ തീയറ്റർ ഭാഗത്തേയ്ക്ക് പോകേണ്ടതാണ്. സ്റ്റാർ തീയറ്റർ ഭാഗത്ത് നിന്നും ഗുഡ് ഷെഡ് റോഡ് വഴി വാഹനങ്ങൾ കടത്തി വിടുന്നതല്ല.

**ഗുരുകുലം ജംഗ്ഷൻ മുതൽ ശിവഗിരി ആൽത്തറമൂട് ജംഗ്ഷൻ വരെയും, മട്ട് ജംഗ്ഷൻ മുതൽ ശിവഗിരി ആൽത്തറമൂട് ജംഗ്ഷൻ വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലും, ഇടറോഡുകളിലും യാതൊരുവിധ പാർക്കിങ്ങും അനുവദിക്കുന്നതല്ല.**

ഈ ഗതാഗത നിയന്ത്രണത്തിൽ പൊതുജനങ്ങൾ സഹകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

**വഴിയോര കച്ചവടം, ഭിക്ഷാടനം എന്നിവ കർശനമായി നിരോധിച്ചിട്ടുള്ളതാണ്**